രാജാരവിവർമ്മയ്ക്ക് സ്മാരകം

37 (2912) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര രാജാരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ് ക്യാമ്പസിലെ രാജാരവിവർമ്മയുടെ പ്രതിമ വെങ്കലത്തിൽ പുനർനിർമ്മിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശവും സഹായത്തിനുള്ള അപേക്ഷയും ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എത്രയും വേഗം നടപടി സ്വീകരിക്കുമോ ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര സാംസ്ക്കാരിക യുവജനക്ഷേമ വകുപ്പിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ഡി) രാജാരവിവർമ്മയ്ക്ക് ഉത്തമമായ ഒരു സ്മാരകം മാവേലിക്കരയിൽ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) വിശദമായി പഠിച്ചശേഷം തീരുമാനമെടുക്കുന്നതാണ്.

അച്യുതമാരാരുടെ സ്മരണയ്ക്കായി വാദ്യകലാകേന്ദ്രം

38 (2913) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രശസ്ത പഞ്ചവാദ്യവിദഗ്ദൻ അച്യുതമാരാരുടെ സ്മരണയ്ക്കായി വാദ്യകലാകേന്ദ്രം ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ ;

(ബി) ഇദ്ദേഹത്തിന്റെ സ്മരണ നിലനിർത്താൻ അന്നമനട ഗ്രാമപഞ്ചായത്ത് വാദ്യകലാകേന്ദ്രം ആരംഭിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ വാദ്യകലാകേന്ദ്രത്തിന് സാമ്പത്തിക സഹായം നൽകണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) നിർദ്ദേശമൊന്നും പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) ലഭിച്ചതായി കാണുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly